15644
17/7/17

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം സർവ്വീസിൽ പ്രവേശിക്കുകയും അനധികൃത ഹാജരില്ലായ്മയ്ക്ക് ജോലിയിൽ നിന്ന് നീക്കം ചെയ്യുകയും ചെയ്ത ലോവർ ഡിവിഷൻ ക്ലാർക്കായ ശ്രീമതി.വി.പി.ഉഷയെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.259/2017/വനം തീയതി, തിരുവനന്തപുരം, 13.07.2017

പരാമർശം:- 1) 18.06.2012 ലെ കണ്ണൂർ (നോർത്തേൺ സർക്കിൾ) ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഇ 2-4182/10 നമ്പർ ഉത്തരവ്

2) 28.11.2014 തീയതിയായി ശ്രീമതി. വി.പി.ഉഷ സമർപ്പിച്ച നിവേദനം

3) 12.03.2015 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം)റുടെ ഇ 3-55419/2014-ാം നമ്പർ കത്ത്

4) 01.08.2015 ലെ സ.ഉ.(സാധാ) നം.359/2015/വനം ഉത്തരവ്

**<u>ഉത്തരവ്</u>**

ആശ്രിത നിയമന പദ്ധതി പ്രകാരം 17.04.1996 ൽ തിരുവനന്തപുരം ഫിഷറീസ് ഡയറക്ടറേറ്റിൽ എൽ.ഡി.ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച ശ്രീമതി.വി.പി.ഉഷ അന്തർ വകുപ്പ് മാറ്റത്തിലൂടെ വനം വകുപ്പിൽ, നോർത്ത് വയനാട് ഡിവിഷനാഫീസിൽ 03/10/2008 ന് ജോലിയിൽ പ്രവേശിച്ചു. ജോലിയിൽ പ്രവേശിച്ചതു മുതൽ തുടർച്ചയായി അവധിയിൽ പ്രവേശിക്കുകയും അവധി അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും തപാലിൽ അയക്കുകയും ചെയ്തിരുന്നു. ശ്രീമതി.വി.പി.ഉഷ തന്നിൽ അർപ്പിച്ച കടമകളും ഉത്തരവാദിത്വങ്ങളും യഥാവിധി നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുകയും സർക്കാർ ജോലിയിൽ മനഃപൂർവ്വമായ അനാസ്ഥ വരുത്തി എന്നതിന്റെ അടിസ്ഥാനത്തിൽ 1960 ലെ കേരള സിവിൽ സർവ്വീസസ് ചട്ടങ്ങൾ പ്രകാരവും 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 19(എ)(ii), 20 സി1 പ്രകാരവും ക്ലാർക്ക് തസ്തികയിലെ പ്രൊബേഷണറായിരുന്ന ശ്രീമതി.വി.പി. ഉഷയെ

പരാമർശം (1) പ്രകാരം പ്രൊബേഷൻ ടെർമിനേറ്റ് ചെയ്ത് സർവ്വീസിൽ നിന്ന് പിരിച്ചു വിട്ടു.

2) ടിയാൾ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ അപ്പലേറ്റ് അധികാരി മുമ്പാകെ അപ്പീൽ സമർപ്പിക്കാതെ ടി ഉത്തരവ് പുറപ്പെടുവിച്ച് 2 ½ വർഷത്തിനു ശേഷം തന്റെ ഗർഭപാത്രത്തിൽ മുഴ വന്നതിനാൽ അതിന്റെ ചികിത്സാർത്ഥം ആണ് ജോലിയിൽ നിന്നും വിട്ടു നിന്നതെന്നും ജോലിയിൽ തിരിച്ചെടുക്കണമെന്നും കാണിച്ച് പരാമർശം (2) പ്രകാരം സർക്കാരിൽ നിവേദനം നൽകി. ശാരീരിക അസ്വസ്ഥതകൾ മൂലവും, വിഷാദരോഗം, മാനസിക അസ്വാസ്ഥ്യം എന്നിവയും കാരണമാണ് ജോലിയിൽ ഹാജരാകാൻ സാധിക്കാതെ വന്നതെന്നുള്ള ടിയാളുടെ അപേക്ഷ പരിഗണിച്ചും പരാമർശം (3) പ്രകാരമുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ ശുപാർശ അംഗീകരിച്ചും മാനുഷിക പരിഗണനയുടെ പേരിൽ, ടിയാളുടെ നിവേദനം അപ്പീൽ അപേക്ഷയായി പരിഗണിച്ച് അപ്പീൽ സമർപ്പിക്കുവാനുള്ള കാലതാമസം മാപ്പാക്കി പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

3) അപ്പീൽ പരിഗണിക്കുന്നതിന്റെ ഭാഗമായി ചികിത്സാ രേഖകൾ സഹിതം 06.11.2015 ന് ടിയാളെ നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ താഴെ പറയുന്ന കാര്യങ്ങൾ ടിയാൾ ബോധിപ്പിച്ചു. ഫിഷറീസ് വകുപ്പിൽ ഒന്നേ മുക്കാൽ വർഷം ജോലി നോക്കിയതിന് ശേഷം അപേക്ഷകയെ പഞ്ചായത്തിലേക്ക് പുനർവിന്യസിക്കുകയായിരുന്നു. തുടർന്ന് റവന്യൂ വകുപ്പിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം വാങ്ങുകയും ചെയ്തു. റവന്യൂ വകുപ്പിൽ ഏതാണ്ട് 10 വർഷം ജോലി ചെയ്തുവെങ്കിലും വകുപ്പിലെ ചെയിൻ സർവേ ടെസ്റ്റ് പാസ്സാകാത്തതിനാലാണ് പ്രൊബേഷൻ ഡിക്ലയർ ചെയ്യാതിരുന്നതെന്നും പിന്നീട് വനം വകുപ്പിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം വാങ്ങുകയുണ്ടായി എന്നും ഹിയറിംഗ് സമയത്ത് ടിയാൾ അറിയിച്ചു. 12.06.2012 വരെ എടുത്ത ലീവിനെല്ലാം മെഡിക്കൽ സർട്ടിഫിക്കറ്റോട് കൂടിയ അപേക്ഷ യഥാസമയത്ത് നൽകിയിരുന്നുവെന്നും എന്നിട്ടും 18.06.2012 തീയതി പ്രാബല്യത്തിൽ പിരിച്ചു വിട്ടുവെന്നും ടിയാൾ അറിയിച്ചു. അതിനാൽ സർവീസിൽ നിന്നും പിരിച്ചുവിട്ട നടപടി പുന:പരിശോധിച്ച് സർവീസിൽ തിരിച്ചെടുക്കണമെന്ന് അഭ്യർത്ഥിച്ചു. കൂടാതെ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ മെഡിക്കൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റും ടിയാൾ ഹാജരാക്കുകയുണ്ടായി. അതിൻ പ്രകാരം ടിയാൾ മെന്റൽ ഡിപ്രഷനിൽ ആയിരുന്നു എന്നും ഇപ്പോൾ മെഡിക്കലി ഫിറ്റ് ആണെന്നുമാണ് രേഖപ്പെടുത്തിയിരുന്നത്.

4) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് 2 ചട്ടം 23 പ്രകാരം ടിയാളുടെ അപ്പീൽ പരിഗണിച്ച് മാനുഷിക പരിഗണനയുടെ പേരിൽ ദയാപരമായ സമീപനം സ്വീകരിച്ച് ടിയാളെ പിരിച്ചുവിട്ട കണ്ണൂർ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (നോർത്തേൺ സർക്കിൾ) ന്റെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് റദ്ദാക്കി ടിയാളുടെ വനം വകുപ്പിലെ സേവനം തികച്ചും അപര്യാപ്തമായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിൽ നിന്നും പിരിച്ചുവിടപ്പെട്ട തീയതി മുതൽ തിരികെ ജോലിയിൽ പ്രവേശിക്കുന്ന തീയതിവരെയുള്ള കാലയളവ് വനം വകുപ്പിലെ മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധം "നോൺ ഡ്യൂട്ടി" ആയി ക്രമീകരിച്ചുകൊണ്ട് ശ്രീമതി.വിപി.ഉഷയെ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീമതി.വി.പി.ഉഷ, ലോവർ ഡിവിഷൻ ക്ലാർക്ക് (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്

പൊതുജനവിവര സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ